**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം - സർവ്വകലാശാല ഓഫീസുകൾക്ക് ശനിയാഴ്ചകൾ പ്രവർത്തി ദിവസം ആയി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ സെക്ഷൻ**

എഡി എ/എഡി എ3/8060/2021 (I) തീയതി: 17.09.2021

---

പരാമർശം:-1. 26-04-2021 ലെ G.O. (Rt) No.383/2021/DMD നമ്പർ സർക്കാർ ഉത്തരവ്.
2. 03-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
3. 04-08-2021 ലെ G.O. (Rt) No.564/2021/DMD നമ്പർ സർക്കാർ ഉത്തരവ്.
4. 05-08-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
5. 14-09-2021 ലെ G.O. (Rt) No. 619/2021/DMD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

1. കോവിഡ്-19 രോഗ വ്യാപനം തടയുന്നതിൻറെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശനിയാഴ്ചകൾ അവധി ആയിരിക്കുമെന്ന പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ്, പരാമർശം (2) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
2. പരാമർശം (3) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, 2021 ആഗസ്റ്റ് 05 പ്രാബല്യത്തിൽ സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകൾ മുഴുവൻ ഹാജരോടുകൂടി തിങ്കൾ മുതൽ വെള്ളി വരെ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവ് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.
3. കോവിഡ്-19 രോഗബാധയുടെ നിലവിലെ സ്ഥിതി സർക്കാർ പരിശോധിച്ചതിനുശേഷം സർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്പനികൾ, കമ്മീഷനുകൾ എന്നിവയ്ക്ക് ശനിയാഴ്ചകൾ പ്രവർത്തി ദിവസമായി പുനഃസ്ഥാപിച്ചുകൊണ്ട് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
4. മേൽ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത് പരിഗണിച്ച് വൈസ്-ചാൻസലർ നൽകിയ ഉത്തരവ് പ്രകാരം, സർവ്വകലാശാല ഓഫീസുകൾക്ക് ശനിയാഴ്ചകൾ പ്രവർത്തി ദിവസം ആയി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.
5. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു

ഒപ്പ്/-

SAJEEVAN M

**അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:എല്ലാ ബ്രാഞ്ച്/വകുപ്പ്/ഓഫീസ് മേധാവികൾക്കും

പകർപ്പ്: PS to VC / PA to PVC, R, CE, FO, JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ